''ജലാശയങ്ങളുടെ നവീകരണത്തിനുള്ള കേന്ദ്ര പദ്ധതി''

109 [411] *ശ്രീ. ലൂഡി ലൂയിസ്:*
,, ജോർജ്ജ് ജെ. മാത്യു:
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയുമായി നേരിട്ട് ബന്ധമുള്ള ജലാശയങ്ങളുടെ കേടുപാട് പോക്കൽ, നവീകരണം, സംരക്ഷണം എന്നിവയ്ക്കായുള്ള ദേശീയ പ്രോജക്ടിന്റെ പരിധിയിൽ സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരമുള്ള ജോലികളുടെ ചെലവ് കേന്ദ്ര ഗവൺമെന്റ് വഹിക്കുമോ;

(സി) സംസ്ഥാനത്തെ ഒരു ജില്ലയെക്കൂടി ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളെ ഉൾപ്പെടുത്താൻ വേണ്ടിയുള്ള പൈലറ്റ് പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) 75:25 (കേന്ദ്രം, സംസ്ഥാനം) എന്നീ രീതിയിലാണ് ചെലവ് വഹിക്കുന്നത്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് പരമാവധി രണ്ടു ജില്ലകളെ മാത്രമേ ഉൾപ്പെടുത്താൻ ഇപ്പോൾ വ്യവസ്ഥയുള്ളൂ.

നെല്ല് സംഭരണം

110 [412] *ശ്രീ. കെ. മോഹൻ കുമാർ:*
,, വി. ജെ. പൗലോസ്:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജി. കാർത്തികേയൻ:
,, ഇ. എം. ആഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സീസണിൽ നെല്ല് സംഭരണം നടത്തിയ പല ഏജൻസികളും സംഭരിച്ച നെല്ലിന് ഗവൺമെന്റ് പ്രഖ്യാപിച്ച വില നൽകിയിട്ടില്ല എന്നുള്ള ആരോപണം ഉണ്ടായിട്ടുണ്ടോ;

GPM. 2/360/2012.—21

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം ഗവൺമെന്റ് നിശ്ചയിച്ച വില നൽകാത്ത ഏജൻസികളുടെ മേൽ എന്തുനടപടി എടുക്കാനുദ്ദേശിക്കുന്നു;

(സി) സംസ്ഥാനത്തുനിന്നും എഫ്. സി. ഐ. നെല്ല് സംഭരിക്കുന്നതു സംബന്ധിച്ചു നടത്തിയ ചർച്ചകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അടുത്ത സീസൺ മുതലെങ്കിലും എഫ്. സി. ഐ. സംസ്ഥാനത്തു നിന്ന് നെല്ലുസംഭരണം നടത്തുമോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി) '(എ)' പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) & (ഡി) കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ സംഭരിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി അരിയാക്കി എഫ്. സി. ഐ.-ക്ക് നൽകി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പദ്ധതിക്ക് ഇതിനകം അനുമതി നൽകുകയും കോർപ്പറേഷൻ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കരാറിലേർപ്പെട്ട മില്ലുകളിലൂടെ കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്കനുസരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു കിലോ നെല്ല് അരിയാക്കുമ്പോൾ 680 ഗ്രാം എന്ന അനുപാതവും, നിഷ്ക്കർഷിച്ച ഗുണനിലവാരത്തിലുള്ള അരിയാക്കണമെന്നുള്ളതുമാണ് നിബന്ധനകളിൽ പ്രധാനമായവ.

നെല്ലുസംഭരണത്തിന് നടപടി

111 [413] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കൊയ്ത്തിനുശേഷം നെല്ലിന് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) നെല്ലു സംഭരണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനകം എന്തുമാത്രം നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി) നെൽപ്പാടങ്ങളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന നെല്ല് ഇനിയും സംഭരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നെല്ല് സംഭരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly